അടക്കമുള്ള കേരളത്തിലെ മന്ത്രിമാരെയും എം.പി. മാരെയും എം.എൽ.എ. മാരെയും ക്ഷണിച്ച് ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത ചടങ്ങിൽവച്ച് ഒരു കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഒരു നടപടിയും സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പം കൊല്ലത്ത് സ്ഥാപിക്കാൻ തീരുമാനിച്ച ജില്ലാ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ഉടനടി ആരംഭിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പി. കെ. ഗുരുദാസൻ പറഞ്ഞതുപോലെ ഇതിനകത്തൊരു കാലതാമസമുണ്ടായിട്ടുണ്ട്. അത് ഒരിക്കലും ഉണ്ടാകാൻ പാടില്ലായിരുന്നു. ഇപ്പോൾ ആ തടസ്സങ്ങളൊക്കെ മാറിയിട്ടുണ്ട്. 15-12-2014-ൽ ചേർന്ന യോഗത്തിൽ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഒരു തീരുമാനമായിട്ടുണ്ട്. ഈ മാസംതന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുമെന്നും നിർമ്മാണ പ്രവൃത്തികൾ 2015 ജനുവരിയിൽത്തന്നെ തുടങ്ങാനാകുമെന്നും ബന്ധപ്പെട്ട എഞ്ചിനീയർ ഉറപ്പുനൽകിയിട്ടുണ്ട്. എത്രയും വേഗത്തിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

(5) കൊയിലാണ്ടി എൻ.എച്ച്.-ലെ ഗതാഗതക്കുരുക്ക്

ശ്രീ. കെ. ദാസൻ : സർ, അതിവേഗം വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന താലൂക്കാസ്ഥാനമായ കൊയിലാണ്ടിയിൽ ഗതാഗതക്കുരുക്ക് അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കൊയിലാണ്ടിയിലെ ഗതാഗത സ്തംഭനം മുഖ്യമന്ത്രിക്കു തന്നെ നേരിട്ട് അനുഭവപ്പെട്ടതാണ്. നിലവിൽ അതിസങ്കീർണ്ണമാണ് കൊയിലാണ്ടി ടൗണിലെ ഗതാഗതക്കുരുക്ക്. ഒറ്റവരിയായി പോകേണ്ടതിനുപകരം രണ്ടും മൂന്നും വരിയായി വാഹനങ്ങൾ നീങ്ങുന്ന അവസ്ഥയും നഗരത്തിൽ മതിയായ പാർക്കിംഗ് സൗകര്യമില്ലാത്തതിനാൽ പാതയോരത്തുതന്നെ ഇരുചക്ര വാഹനങ്ങളും മറ്റ് വാഹനങ്ങളും നിർത്തിയിടുന്നതും ട്രാഫിക് നിയന്ത്രണം ഫലപ്രദമല്ലാത്തതും എൻ.എച്ച്.-ൽ കൊയിലാണ്ടി പട്ടണത്തിലെ യാത്രക്കാർക്ക് ദീർഘസമയം കാത്തിരിക്കേണ്ട അവസ്ഥയുണ്ടാക്കുന്നു. 'സ്പീഡ് കേരള'യിൽ കോഴിക്കോട് ബൈപ്പാസിന്റെ അവസാനഘട്ട പ്രവർത്തി പുരോഗമിച്ചുവരികയാണല്ലോ. ബൈപ്പാസ് പൂർത്തിയായി പൂർണ്ണമായി തുറക്കുന്നതോടുകൂടി അതുവഴി കടന്നുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളെ ഉൾക്കൊള്ളാൻ ഇടുങ്ങിയ റോഡ് മാത്രമുള്ള കൊയിലാണ്ടി നഗരത്തിന് കഴിയില്ല. ഈ സ്ഥിതിവിശേഷം ശ്രീ. തോമസ് ഉണ്ണിയാടൻ അദ്ധ്യക്ഷനായുള്ള നിയമസഭാ സമിതി കൊയിലാണ്ടി പട്ടണത്തിൽ പരിശോധിക്കുകയും എലിവേറ്റഡ് ഹൈവേ നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും എലിവേറ്റഡ് ഹൈവേ പരിഗണിക്കുമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിൽ പ്രസ്താവിച്ചതുമാണ്. വളരെ പ്രായോഗികമായി നടപ്പാക്കുന്ന മറ്റൊരു പദ്ധതി തീരദേശ റോഡാണ്. കാപ്പാട്-കൊയിലാണ്ടി തീരദേശ റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടർഘട്ടമായി കൊയിലാണ്ടി-കോട്ടയ്ക്കൽ-കൊളാവി പാലത്തിന്റെ തീരദേശത്തുകൂടി പാത നിർമ്മിച്ചാൽ ഗതാഗത സൗകര്യം വർദ്ധിക്കും. ബീച്ച് റോഡ് പ്രോജക്ട് എന്നനിലയിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് ഒരു പ്രോജക്ട് സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്. കൊയിലാണ്ടി ടൗൺ ഒരു സാറ്റലൈറ്റ് ടൗൺ ആണ്. ഈ പട്ടണത്തിലെ എൻ.എച്ച്.-ൽ കൂടിയല്ലാതെ കോഴിക്കോട്, കണ്ണൂർ ജില്ലകളുമായി യാത്രക്കാർക്ക് ബന്ധപ്പെടാൻ കഴിയില്ല. അതുകൊണ്ട് ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് നിലവിലുള്ള സ്ഥിതിഗതികൾ സൂക്ഷ്മമായി പഠിച്ച് സമഗ്രമായ ഒരു പ്രോജക്ട് സ്റ്റഡി നടത്തി അടിയന്തരമായി നടപ്പിലാക്കണം. പി.ഡബ്ല്യു.ഡി., ട്രാഫിക്, എൻ.എച്ച്. അതോറിറ്റി, ആർ.ബി.ഡി.സി., ഹാർബർ എഞ്ചിനീയറിംഗ് മുതലായ വകുപ്പുകൾ എകോപിപ്പിച്ച് ഒരു കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ കെ. ദാസൻ ഇവിടെ പറഞ്ഞ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള കാര്യം തന്നെയാണ്. കൊയിലാണ്ടി വളരെ തിരക്കുള്ള ഒരു നഗരമാണ്. അവിടെ വീതി കൂട്ടുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേയുടെ ഇരുവശവും വളരെ തിരക്കുള്ള വാണിജ്യ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതിനാൽ ഇവിടെ വീതി കൂട്ടാൻ സ്ഥലം എടുക്കുന്ന കാര്യം ബുദ്ധിമുട്ടാണ്. ഫുട്പാത്തിലെ അനധികൃത കച്ചവടം ഒഴിവാക്കി പൊതുജനങ്ങൾക്ക് ഫുട്പാത്തിലൂടെ നടക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി ഇപ്പോഴുള്ള ട്രാഫിക് ബ്ലോക്ക് ഒരു പരിധിവരെ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. എന്നിരുന്നാലും ദേശീയ പാതയ്ക്ക് കിഴക്കുവശം സമാന്തരമായി ചെങ്ങോട്ടുകാവുമുതൽ നന്ദി വരെ ബൈപ്പാസ് റോഡ് നിർമ്മാണവും, തീരദേശ റോഡിന്റെ നിർമ്മാണവും എത്രയും വേഗം പൂർത്തിയാക്കിയാൽ മാത്രമെ ഈ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ വേഗത കൂട്ടാനുള്ള നിർദ്ദേശം നൽകുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ റോഡ് വീതി കൂട്ടുന്നതിന് വളരെയേറെ ബുദ്ധിമുട്ടാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം, അതുകൊണ്ട് മെയിൻപാതയ്ക്ക് കിഴക്കുവശവും പടിഞ്ഞാറുവശവും രണ്ടു റോഡുകൾ ഏറ്റവും വേഗത്തിൽ നിർമ്മിക്കുന്നതിന് പരമാവധി ശ്രമിക്കാം.

(6) ആദിവാസി തടവുകാർക്ക് നിയമസഹായം

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, സാമൂഹ്യമായ സംരക്ഷണവും നിയമപരമായ പരിരക്ഷയും ആവശ്യമുള്ള ഏറ്റവും അർഹതപ്പെട്ട ഒരു സമൂഹമാണ് ആദിവാസി സമൂഹം. ഈ ആദിവാസി സമൂഹം ദാരിദ്ര്യം, പട്ടിണി, രോഗം, ഭൂമിയില്ലായ്മ, വീടില്ലായ്മ തുടങ്ങിയ പലതരം പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. ഇതിനെല്ലാം പുറമേ അറിവില്ലായ്മയുടെ കുരുക്കിൽപ്പെട്ട് ജയിലുകളിൽ നിരവധി ആദിവാസികൾ കഴിയുകയാണ്. പ്രത്യേകിച്ചും വയനാട് ജില്ലയിലെ ജയിലുകളിൽ 100 കണക്കിന് ആദിവാസികളുണ്ട്. നിയമപരമായ അജ്ഞതയുടെ ഭാഗമായിട്ടാണ് പലപ്പോഴും ഇത് സംഭവിക്കുന്നത്. വിവാഹിതരായതിന്റെ പേരിൽ ബലാൽസംഗകുറ്റം ചുമത്തപ്പെട്ട് ജയിലിൽ കിടക്കുന്ന ആളുകൾ, ജാമ്യം ലഭിക്കാവുന്ന ചെറിയ കുറ്റങ്ങൾ ചെയ്തിട്ട് ജാമ്യം ലഭിക്കുന്നതിനുവേണ്ടിയുള്ള നികുതി റസീപ്റ്റ് ഇല്ലാത്തത്, ജാമ്യമെടുക്കുന്നതിന് ആളില്ലായ്മ, പട്ടയ രേഖയില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾകൊണ്ട് ജയിലുകളിൽ കഴിയുന്ന ആളുകൾ, മാസങ്ങളായി വിചാരണ തടവുകാരായ ആദിവാസികൾ ജയിലുകളിൽ കിടക്കുകയാണ്. ഇപ്പോൾ വയനാട്ടിലെ സെഷൻസ് കോടതിയാണെങ്കിൽ നികുതി റസീപ്റ്റിനുപകരം ആധാരംതന്നെ നിർബന്ധമാണെന്ന് പറയുന്ന സാഹചര്യമുള്ളതായി അറിയുന്നു. ഇങ്ങനെ ജാമ്യം കിട്ടാത്തതുകൊണ്ട് കേസ് തീരുന്നതുവരെ വിചാരണത്തടവുകാരായി കേരളത്തിലെ ജയിലുകളിൽ പ്രത്യേകിച്ച് വയനാട്ടിലെ ജയിലുകളിൽ നിരവധിയായ ആദിവാസികൾ കിടക്കുകയാണ്. നിയമപരമായ പരിരക്ഷ ആവശ്യമുള്ള ഈ പ്രാക്തന സമൂഹത്തോട് തുടരുന്ന അവഗണന അവസാനിപ്പിക്കാൻ ഈ സഭ ഒന്നിച്ചൊരു നിലപാട് സ്വീകരിക്കണം. അവരെ സംരക്ഷിക്കാനും അവർക്ക് നിയമസഹായം ഉറപ്പുവരുത്താനും ജാമ്യം ലഭിക്കുന്ന കേസുകൾക്ക് ജാമ്യം കിട്ടുമെന്നുറപ്പുവരുത്താനും സർക്കാരിന്റെ ഇടപെടലുകൾ അടിയന്തരമായി ഉണ്ടാകണമെന്ന് സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly